കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 24 | ആഗസ്റ്റ് 30 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 ബയോഡീഗ്രേഡബിൾ റബ്ബർ സാനിറ്ററി സോക്സുകൾ വികസിപ്പിച്ചെടുത്തു

6 പോഷക സമൃദ്ധി മിഷന്റെ ഭാഗമായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ 200 ഫല വൃക്ഷങ്ങളുടെ ക്ലസ്റ്റർ രൂപീകരിക്കും – കൃഷി മന്ത്രി പി പ്രസാദ്

8 മൃഗസംരക്ഷണ മേഖലയിലെ കൃത്യമായ വിവര ശേഖരണം പദ്ധതി ആസൂത്രണത്തിന്റെ നട്ടെല്ലാകും: മന്ത്രി.ജെ ചിഞ്ചുറാണി

# വയനാടിന്റെ പുനരുജ്ജീവനത്തിനു കൈകോർക്കാൻ ഏവരും പ്രതിജ്ഞാബദ്ധരാകണം: മുഖ്യമന്ത്രി

ചിങ്ങം 1 പുതു വർഷാരംഭത്തിൽ വയനാടിന്റെ പുനരുജ്ജീവനത്തിനു കൈകോർക്കാൻ ഏവരും പ്രതിജ്ഞാബദ്ധരാകണമെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. വയനാട് പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വളരെ ലളിതമായ ചടങ്ങുകളോടെ സംഘടിപ്പിക്കപ്പെട്ട സംസ്ഥാന തല കർഷക ദിനാചരണവും, കർഷക അവാർഡ് വിതരണവും നിയമസഭ ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്ന അദ്ദേഹം. കാർഷിക സംസ്കൃതിയുമായി നമ്മുടെ സംസ്കാരത്തിനുള്ള അഭേദ്യമായ ബന്ധം സൂചിപ്പിച്ച് കടന്നുവരുന്ന ചിങ്ങം 1 ഈ വർഷം മനസു തുറന്ന് ഓണം ആഘോഷിക്കാവുന്ന മനസ്ഥിതിയിൽ അല്ല നമ്മൾ. വയനാട്ടിലെ ദുരന്തം നമ്മളെയാകെ ദുഃഖത്തിൽ ആഴ്ത്തിയിരിക്കുകയാണ്. അവിടത്തെ സാധാരണ ജീവിതം തിരിച്ചുപിടിക്കുക എളുപ്പമല്ല. എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെ മാത്രമേ വയനാട്ടിലെ ജനങ്ങളുടെ പുനരുജ്ജീവനം സാധ്യമാവുകയുള്ളു എന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. കർഷക സേവനങ്ങൾക്ക് ഒരുക്കിയിരിക്കുന്ന ഏകജാലക സംവിധാനമായ കതിർ ആപ്പിന്റെ ലോഞ്ചും തദവസരത്തിൽ മുഖ്യമന്ത്രി നിർവ്വഹിച്ചു. കേരളത്തിലെ മുൻ മുഖ്യമന്ത്രിയും ആദ്യ മന്ത്രി സഭയിലെ കൃഷിവകുപ്പ് മന്ത്രിയുമായിരുന്ന ശ്രീ. സി. അച്ച്യുതമേനോന്റെ പേരിൽ കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്ന അവാർഡ് (വൈക്കം ബ്ലോക്ക് പഞ്ചായത്ത്), കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ള വ്യക്തിക്ക് നൽകുന്ന അവാർഡ് (ശ്രാവന്തിക എസ്.പി), മികച്ച കാർഷിക ഗവേഷണത്തിന് ഏർപ്പെടുത്തിയ എം.എസ് സ്വാമിനാഥൻ അവാർഡ് (ഡോ. എ ലത) അതാത് വർഷങ്ങളിൽ കൃഷി വകുപ്പിന്റെ പ്രത്യേക പദ്ധതികൾ മികവോടെ നടപ്പിലാക്കിയ കൃഷി ഭവനു നൽകുന്ന അവാർഡ് (പുളൂർ കൃഷിഭവൻ) എന്നിങ്ങനെ 5 പുതിയ അവാർഡുകൾ ഉൾപ്പെടെ 61 അവാർഡുകളിൽ സംസ്ഥാന തലത്തിൽ വിജയികളായവരെ വേദിയിൽ ആദരിച്ചു. മുതിർന്ന കർഷകനായ ഗംഗാധരൻ പി, കർഷക തൊഴിലാളിയായ നെൽസൺ പി എന്നിവരെയും യോഗത്തിൽ ആദരിച്ചു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് അധ്യക്ഷനായ ചടങ്ങിൽ, ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രി ശ്രീ. ജി.ആർ. അനിൽകുമാർ, MLA മാരായ ശ്രീ. ആന്റണി രാജു, ശ്രീ. കെ. ആൻസലൻ, ജില്ലാ പഞ്ചായത്ത് പ്രെസിഡന്റ് ശ്രീ. ഡി. സുരേഷ് കുമാർ, കൃഷി വകുപ്പ് ഡയറക്ടർ ശ്രീമതി. അദീല അബ്ദുള്ള ഐ എ എസ്, സ്പെഷ്യൽ സെക്രട്ടറി ശ്രീ. പ്രശാന്ത് എൻ ഐ എ എസ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ സാജു കെ സുരേന്ദ്രൻ ഐ ഇ എസ്, മാറ്റ് കൃഷിവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




ചീഫ് എഡിറ്റർ - ഹരിപ്രിയ ദേവി വി.വി.
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത്

# KABCO എക്സ്പോ സെന്ററിന്റെയും അഗ്രി പാർക്കിന്റെയും നിർമ്മാണോദ്ഘാടനവും ശിലാസ്ഥാപനവും കൃഷി വകുപ്പ് മന്ത്രി നിർവ്വഹിച്ചു




കൃഷി വകുപ്പിന്റെ അഭിമാന പദ്ധതിയായ കാബ്കോ (കേരള അഗ്രോ ബിസിനസ് കമ്പനി) എക്സ്പോ സെന്ററിന്റെയും അഗ്രി പാർക്കിന്റെയും നിർമ്മാണോദ്ഘാടനവും ശിലാസ്ഥാപനവും ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ കഴക്കൂട്ടം എംഎൽഎ കടകംപള്ളി സുരേന്ദ്രന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൃഷി വകുപ്പ് മന്ത്രി നിർവ്വഹിച്ചു. കേരളത്തിലെ കാർഷിക ഉത്പാദന മേഖലയുടെ ഉന്നമനത്തോടൊപ്പം തന്നെ ദ്വിതീയ കാർഷിക മേഖലയായ മൂല്യ വർദ്ധനവിലൂടെ കർഷകരെ ശക്തിപ്പെടുത്തണമെന്നും ഈ പ്രവർത്തനങ്ങളുടെയൊക്കെ നാന്ദി കുറിക്കുന്ന പ്രവർത്തനങ്ങളാണ് കാബ്കോ അഗ്രി പാർക്ക് യാഥാർത്ഥ്യമാകുന്നതോടെ കേരളത്തിന് കൈവരിക്കാൻ ആകുന്നതെന്നും കൃഷി വകുപ്പുമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പ്രസ്താവിച്ചു. ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം എന്ന തരത്തിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനത്തിൽ ഊന്നിയ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് സ്വീകരിക്കുന്നത്. കർഷകർക്ക് ഉൽപ്പന്നങ്ങൾക്ക് അനുസൃതമായ വില നിശ്ചയിക്കാനുള്ള അവകാശം ഉണ്ടാവുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാവണമെന്നും എന്നാൽ മാത്രമേ കർഷകനെ ന്യായമായ വില അവന്റെ ഉൽപ്പന്നത്തിന് ലഭിക്കുകയുള്ളൂ എന്നും മന്ത്രി പറഞ്ഞു. കേരളത്തിൽ നിന്ന് ഉല്പാദിപ്പിക്കുന്ന മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കിങ്ങുമായി സഹകരിച്ച് കേരള ഗ്രോ ബ്രാൻഡിംഗിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പാക്കിങ് ചെയ്ത് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാനും നമുക്ക് കഴിയണം.

സിയാൽ മോഡൽ പ്രവർത്തനങ്ങൾ നമ്മുടെ വകുപ്പിലും നടപ്പിലാക്കാനും രാജ്യത്തിനാകെ മാതൃകയാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണിമാണ് ഉദ്ദേശിക്കുന്നത്.

കർഷകന്റെ ഉൽപ്പന്നഗൽ 365 ദിവസവും പ്രദർശിപ്പിക്കാനും വിൽപ്പന നടത്താനുമുള്ള സൗകര്യം ഉറപ്പിക്കും. ഇന്ത്യയിൽ തന്നെ ഇത്തരത്തിലുള്ള ഒരു സംവിധാനം ആദ്യമാണെന്ന് പറയുന്നതിൽ അഭിമാനമാണ് കൃഷി മന്ത്രി പറഞ്ഞു. 65,000 ചതുരശ്ര അടി വിസ്തൃതിയുള്ള അത്യാധുനിക എക്സ്പോ സെന്ററും ഏകദേശം ഒരു ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള പൊതു ആസ്ഥാന മന്ദിരവും നിർമ്മാണനത്തിനായി ഒരുങ്ങുകയാണ്.

കാർഷിക സാങ്കേതികവിദ്യകൾ, വിള പരിപാലനം, സുസ്ഥിര രീതികൾ എന്നിവയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രദർശനങ്ങൾ, ശിൽപശാലകൾ, കോൺഫറൻസുകൾ എന്നിവ സംഘടിപ്പിക്കുന്നതിനു ഇവിടം ഏറ്റവും അനുയോജ്യമാണ്. വിജ്ഞാന കൈമാറ്റം സുഗമമാക്കുന്നതിലൂടെയും അത്യാധുനിക സാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കുന്നതിലൂടെയും, ഇന്നത്തെ മത്സരാധിഷ്ഠിത സാഹചര്യങ്ങളിൽ മുന്നേറുന്നതിനു ആവശ്യമായ തയാറെടുപ്പിലൂടെ കർഷകരെയും കാർഷിക ബിസിനസുകളെയും ശാക്തീകരിക്കാനാണ് എക്സ്പോ സെന്റർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. കർഷകരുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനുൾപ്പെടെ എല്ലാ ഏജൻസികൾക്കും പ്രയോജനം ലഭിക്കുന്ന പ്രദർശനങ്ങൾ സംഘടിപ്പിക്കുവാൻ കഴിയുന്ന രീതിയിൽ ഈ സെന്റർ പ്രവർത്തിക്കുന്നതായിരിക്കും. ഇതിനു പുറമേ, ഒരു സാംസ്കാരിക, സാമൂഹിക കേന്ദ്രമായും ഇത് പ്രവർത്തിക്കും. വൈവിധ്യമാർന്ന പരിപാടികൾ ഉൾക്കൊള്ളുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ കേന്ദ്രം സാംസ്കാരിക പ്രകടനങ്ങൾ, കലാ പ്രദർശനങ്ങൾ,



സാമൂഹിക ഒത്തുചേരലുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും വേദിയാകുന്നതാണ് . കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, പ്രാദേശിക കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്ക് പ്രോത്സാഹനം നൽകി സാംസ്കാരിക ചൈതന്യത്തിനും സൃഷ്ടിപരമായ ആവിഷ്കാരത്തിനും സംഭാവന നൽകുന്നതിനും ഇവിടം വേദിയാകും. രാജ്യത്തുടനീളമുള്ള സന്ദർശകരെ ആകർഷിക്കുകയും വിനോദസഞ്ചാരം വർദ്ധിപ്പിക്കുകയും പ്രാദേശിക ബിസിനസുകൾക്ക് കൂടുതൽ സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഭാഗഭാക്കാവുകയും ചെയ്യും.

സ്വന്തമായി ഓഫീസ് സംവിധാനം നിലവിൽ ഇല്ലാത്ത, കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികൾക്കും കൃഷി വകുപ്പിന്റെ പൊതു ആസ്ഥാന മന്ദിരം എന്ന നിലയിലും അഗ്രി ടവർ നിർമ്മാണവും അഗ്രി പാർക്കിൽ ആരംഭിക്കും.

50 കോടി രൂപയോളം മതിപ്പ് പ്രതീക്ഷിക്കുന്ന ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ ടവർ, കൃഷി വകുപ്പിന്റെ ഒരു പൊതുആസ്ഥാന മന്ദിരമായി പ്രവർത്തിക്കുന്നതിനോടൊപ്പം സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ് വിപുലീകരിക്കുന്നതിനുള്ള കേന്ദ്രവുമാകും. പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിന് ഹരിത സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയാണ് ഈ നിർമാണപ്രവർത്തനങ്ങൾ നടത്തുന്നത്

കേരളത്തിനാകെ അഭിമാനമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്കാണ് ഉദ്ദേശം 58 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല. നബാർഡ് ഉൾപ്പെടെ പല മുൻനിര സ്ഥാപനങ്ങളും ഇതിനോടകം അഗ്രി പാർക്കുന്റെയും രൂപേകരണത്തിൽ വളരെയധികം താല്പര്യം കാണിച്ച് മുന്നോട്ട് വന്നിട്ടുണ്ട്.

എല്ലാ ജില്ലകളിലും കാബ്കോ ബ്രാൻഡ് ഷോപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയനാട് പുനർസൃഷ്ടിയുമായി ബന്ധപ്പെട്ട് പ്രദേശത്തിന് അനുസൃതമായ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ ഒരു മാസത്തിനകം വിദഗ്ധരുമായി ചർച്ച ചെയ്ത് നടപ്പിലാമെന്ന് മന്ത്രി പറഞ്ഞു. ഉദ്ഘാടന വേദിയിൽ മുതിർന്ന കർഷകനായ ജ്ഞാനദാസിനെ മന്ത്രി ആദരിച്ചു. ULCCL പ്രതിനിധികളും ഉദ്ഘടന യോഗത്തിൽ സന്നിഹിതരായിരുന്നു. കാബ്കോ അഡീഷണൽ മാനേജിങ് ഡയറക്ടർ സാജു കെ സുരേന്ദ്രൻ ഐ ഇ എസ്, കൃഷി വകുപ്പ് ഡയറക്ടർ അദീല അബ്ദുള്ള ഐ എ എസ്, കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി പ്രശാന്ത് എൻ ഐ.എ.എസ്. മറ്റ് കൃഷിവകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ബയോഡീഗ്രേഡബിൾ റബ്ബർ സാനിറ്ററി സോക്സുകൾ വികസിപ്പിച്ചെടുത്തു

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്ററിന്റെ (ആർ.പി.ഐ.സി.) സഹായത്തോടെ സംരംഭകരായ സേഫ് റബ്ബർ സൊല്യൂഷൻസ് വികസിപ്പിച്ചെടുത്ത ബയോഡീഗ്രേഡബിൾ സാനിറ്ററി സോക്സുകൾ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. കൃഷിവകുപ്പിലെ മുൻ ഡെപ്യൂട്ടി ഡയറക്ടർ ജോർജ് കെ. മത്തായിക്ക് നൽകിക്കൊണ്ട് പുറത്തിറക്കി. സേഫ് റബ്ബർ സൊല്യൂഷൻസിന്റെ ലോഗോയും അദ്ദേഹം പ്രകാശനം ചെയ്തു. സേഫ് റബ്ബർ സൊല്യൂഷൻസ് മാനേജിങ് ഡയറക്ടർ മനോജ് സെബാസ്റ്റ്യൻ ഉത്പന്നത്തെക്കുറിച്ചും ഉത്പന്നവിക



സനവുമായി ബന്ധപ്പെട്ട് ബോർഡിൽ നിന്ന് ലഭിച്ച സേവനങ്ങളെക്കുറിച്ചും വിവരിച്ചു. ചടങ്ങിൽ ഡോ. എം.ഡി. ജെസ്സി ഡയറക്ടർ (റിസേർച്ച്) ഇൻ-ചാർജ്, ഡോ. ഷേറ മാത്യൂ, (ഓഫീസർ ഇൻ-ചാർജ്, ടെക്നിക്കൽ കൺസൾട്ടൻസി ഡിവിഷൻ); പി. അറുമുഖം (ഡയറക്ടർ) ഇൻ-ചാർജ്, എൻ.ഐ.ആർ.റ്റി.; ഡോ. സിബി വർഗീസ്( മുൻ ജോയിന്റ് ഡയറക്ടർ, ടെക്നിക്കൽ കൺസൾറ്റൻസി ഡിവിഷൻ) ജോസഫ് ചാക്കോ (മുൻ സയിന്റിഫിക് ഓഫീസർ) ഈശ്വരൻ നമ്പൂതിരി (ഫോർമാൻ) എന്നിവർ സംസാരിച്ചു.

പുതുതായി വികസിപ്പിച്ചെടുത്ത സാനിറ്ററി സോക്സുകൾ പരിസ്ഥിതിസൗഹാർദ്ദപരവും ബയോ ഡീഗ്രേഡബിളുമാണ്. പാദരക്ഷകൾ ധരിക്കുമ്പോൾ കാൽപാദങ്ങൾക്ക് അധിക സുരക്ഷയും ശുചിത്വവും നൽകാൻ ഈ സാനിറ്ററി സോക്സുകൾക്ക് കഴിയും. സോക്സുകളുടെ അടിഭാഗം പ്രതലത്തിൽ പിടുത്തം കിട്ടുന്ന രീതിയിൽ രൂപകൽപന ചെയ്തിരിക്കുന്നതിനാൽ വഴുകുന്നതിനും വീഴുന്നതിനുമുള്ള സാധ്യത കുറയ്ക്കുന്നു. കൂടാതെ, സോക്സ് ധരിക്കുന്നതിലൂടെ മലിനജലവുമായി നേരിട്ടുള്ള സമ്പർക്കം തടയുന്നതിനാൽ എലിപ്പനി, സെപ്റ്റിസീമിയ തുടങ്ങിയ രോഗങ്ങളിൽ നിന്ന് സംരക്ഷണം നേടാൻ സഹായിക്കും. കർഷകർക്കും തോട്ടം തൊഴിലാളികൾക്കും അട്ടകൾ, പഴുതാര, പാമ്പ് എന്നിവയിൽനിന്നുള്ള സംരക്ഷണത്തിന് ഇത്തരം സോക്സ് പ്രയോജനപ്പെടും. പ്രമേഹരോഗികൾക്ക് സോക്സുകൾ ധരിക്കുന്നതിലൂടെ അണുബാധ ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കാൻ കഴിയും. ഈ സോക്സുകൾ പുനരുപയോഗം ചെയ്യാവുന്നതും പുനചംക്രമണം ചെയ്യാവുന്നതുമാണ്. ജോഗിങ് പോലുള്ള വ്യായാമപ്രവർത്തനങ്ങൾക്കും ഇവ ഉപകാരപ്പെടും.

# SFAC കേരള – ഫാർമർ പ്രൊഡ്യൂസർ കമ്പനി (FPC) പ്രതിനിധികൾക്കായി കൃഷി മന്ത്രിയുമായി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു

രാഷ്ട്രീയ കൃഷി വികാസ് യോജന എഫ്.പി.ഒ പ്രൊമോഷൻ സ്കീം 2019-2020 പ്രകാരം രൂപീകരിക്കപ്പെട്ട ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ കമ്പനികൾക്ക് വേണ്ടിയുള്ള ദ്വിദിന ശില്പശാല 13.08.24, 14.08.24 തിയ്യതികളിൽ ശ്രീകാര്യം മരിയ റാണി സെന്ററിൽവെച്ച് എസ്. എഫ്. എ. സി. കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. തദവസരത്തിൽ കർഷക ഉത്പാദക സംഘടനകളുടെ പ്രതിനിധികൾക്കായി കൃഷി മന്ത്രിയുമായി മുഖാമുഖം പരിപാടിയും സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ ഫാർമർ പ്രൊഡ്യൂസർ കമ്പനി ചെയർമാൻമാരും, CEO മാരും, ATMA പ്രൊജക്റ്റ് ഡയറക്ടർമാരുമാണ് യോഗത്തിൽ പങ്കെടുത്തത്. കാർഷിക മേഖലയിൽ കർഷക ഉത്പാദക കമ്പനികളുടെ പ്രാധാന്യത്തെപ്പറ്റിയും, FPO കളുടെ രൂപീകരണത്തിലും നടത്തിപ്പിലും പ്രാദേശികമായി ഉണ്ടാകാറുള്ള പ്രതിസന്ധികളെയും പ്രായോഗികമായ പരിഹാരമാർഗങ്ങളെപ്പറ്റിയും യോഗത്തിൽ ചർച്ചനടത്തി. കൃഷി വകുപ്പ് പുതുതായി ആരംഭിക്കുന്ന നാവോ-ധാൻ പദ്ധതിയിലൂടെ കാലാകാലങ്ങളായി കൃഷി ചെയ്യാതെ കിടക്കുന്ന കേരളത്തിലെ തരിശു ഭൂമികളെ കാർഷികയോഗ്യമാക്കുന്ന നടപടികളെ കുറിച്ച് കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി പ്രശാന്ത്. എൻ. ഐ.എ.എസ്. വിശദീകരിച്ചു. FPO കളുടെ രൂപീകരണത്തിൽ കൃഷിക്കൂട്ടങ്ങളുടെ പ്രാധാന്യം എന്ന വിഷയത്തിൽ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി സാബിർ ഹുസൈൻ ചർച്ചാക്ലാസ്സ് നയിച്ചു. FPO കളുടെ ശാക്തീകരണത്തിൽ സർക്കാരിന്റെ നയങ്ങൾ എന്ന വിഷയത്തിൽ കൃഷി വകുപ്പിന്റെ പരിപൂർണ്ണ പിന്തുണ FPO പ്രവർത്തനങ്ങളിൽ ഉണ്ടാകും എന്ന് അറിയിച്ച മന്ത്രി പങ്കെടുത്ത 48 പ്രതി




നിധികളുമായി മുഖാമുഖം പരിപാടിയിൽ സംവദിച്ചു. FPO കളുടെ ശാക്തീകരണത്തിലൂടെ മാത്രമേ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണി മൂല്യം ഉയർത്താൻ കഴിയൂ എന്നും കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിയണമെന്നും മന്ത്രി പറഞ്ഞു. FPO കൾ രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റിയും കാർഷിക പുരോഗതിയിൽ കൂട്ടായ്മ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെപ്പറ്റിയും പ്രതിനിധികളെ അഭിസംബോധന ചെയ്തുകൊണ്ട് കൃഷി വകുപ്പ് ഡയറക്ടർ അദീല അബ്ദുള്ള ഐ.എ.എസ്. സംസാരിച്ചു. RKVY പ്രൊമോഷൻ സ്കീം മുഖേനെ SFAC കഴിഞ്ഞ 3 വർഷമായി നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ട് കൃഷി മന്ത്രി വകുപ്പ് ഡയറക്ടർക്ക് നൽകിക്കൊണ്ട് പ്രകാശനം നിർവ്വഹിച്ചു. SFAC മാനേജിങ് ഡയറക്ടർ ബീനാമോൾ ആന്റണി മറ്റ് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കരിന്തൻ നഗറിൽ നാടൻ കോഴികളെ വിതരണം ചെയ്തു

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ 'ഒപ്പം' ആദിവാസി ഉപജീവന സഹായ പദ്ധതിയുടെ ഭാഗമായി തളിപ്പുഴ കരിന്തണ്ടൻ നഗറിൽ നാടൻ കോഴികളെ വിതരണം ചെയ്തു. തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് വേണ്ടിയാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. സർവ്വകലാശാല സംരംഭകത്വ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ജസ്റ്റിൻ ഡേവിസ് കോഴികളെ വിതരണംചെയ്തു. മൂപ്പൻമണി മീൻചാൽ, റിസർച്ച് അസിറ്റന്റ് ജിപ്സ ജഗദീഷ് എന്നിവരുംപങ്കെടുത്തു.



# ക്ഷീരകർഷക സംഗമം ബഹു ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചു റാണി ഉദ്ഘാടനം ചെയ്തു



കൃഷിക്കൊപ്പം കളമശ്ശേരി എന്ന പരിപാടിയുടെ ഭാഗമായി കളമശ്ശേരി നിയോജകമണ്ഡലത്തിൽ നടന്ന ക്ഷീരകർഷക സംഗമം ബഹു ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ ചിഞ്ചു റാണി ഉദ്ഘാടനം ചെയ്തു.എറണാകുളം ജില്ലയിലെ ആദ്യത്തെ ക്ഷീരശ്രീ സംയുക്ത ബാധ്യത ഗ്രൂപ്പിന് ബഹു മന്ത്രി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകി. യോഗത്തിൽ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രമ്യ തോമസ് അധ്യക്ഷയായി. ജനപ്രതിനിധികൾ, ഡെപ്യൂട്ടി ഡയറക്ടർ ട്രീസ തോമസ്, മറ്റ് ഉദ്യോഗസ്ഥർ, സഹകരണ സംഘം പ്രെസിഡന്റുമാർ, ക്ഷീരസംഘം പ്രെസിഡന്റുമാർ, കർഷകർ, സംഘം ജീവനക്കാർ എന്നിവർ പങ്കെടുത്തു. തുടർന്ന് സെമിനാർ നടത്തി.

# പോഷക സമൃദ്ധി മിഷന്റെ ഭാഗമായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ 200 ഫല വൃക്ഷങ്ങളുടെ ക്ലസ്റ്റർ രൂപീകരിക്കും – കൃഷി മന്ത്രി ശ്രീ. പി പ്രസാദ്

വിവിധങ്ങളായ ഫലവൃക്ഷങ്ങൾ ഇന്ന് നമ്മുടെ മണ്ണിൽ കൃഷി ചെയ്യുവാൻ സാധിക്കുന്ന സാഹചര്യത്തിൽ പോഷക സമൃദ്ധി മിഷന്റെ ഭാഗമായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഫലവൃക്ഷങ്ങളുടെ 200 ക്ലസ്റ്ററുകൾ രൂപീകരിക്കുമെന്നും പതിനായിരം കർഷകർ ഇതിന്റെ ഭാഗമാകുമെന്നും മന്ത്രി പറഞ്ഞു. പോഷകസമൃദ്ധി മിഷന്റെ ഭാഗമായി ഫലവൃക്ഷകളുടെ ക്ളസ്റ്റർ അധിഷ്ഠിത കൃഷിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഹമ്മ ഗവ സംസ്കൃതം സ്കൂളിന് എതിർവശം ശ്രീരാഗം വീട്ടിൽ ലീലാമണിയുടെ പുരയിടത്തിൽ വച്ച് നിർവഹിച്ച സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ ആദ്യമായിട്ടാണ് ഇത്തരത്തിൽ ഫലവൃക്ഷങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ക്ലസ്റ്റർ രൂപീകരിക്കുന്നത്. കൃഷി എന്നത് നമ്മുടെ ഭക്ഷണവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടുതന്നെ നമ്മുടെ എല്ലാവരുടെയും ജീവിതവുമായി ബന്ധപ്പെട്ടതാണ് കൃഷി. ഭക്ഷണങ്ങളുടെ കാര്യത്തിൽ പഴങ്ങളുടെ പ്രാധാന്യവും വളരെ പ്രധാനപ്പെട്ടതാണ്. ആരോഗ്യകരമായ ജീവിതത്തിന് പഴവർഗ്ഗങ്ങൾ ആവശ്യഘടകവുമാണ്. ഐസിഎം ആറിന്റെ നിർദ്ദേശപ്രകാരം ഒരു ദിവസം ഒരാൾ 100ഗ്രാം ഫലവർഗ്ഗങ്ങൾ കഴിക്കണമെന്നതാണ്. കൃഷിയുടെ ഇടപെടൽ എന്ന് പറയുന്നത് ആരോഗ്യത്തിന്റെ ഇടപെടൽ കൂടിയാണ്. അത്യുൽപാദനശേഷിയുള്ള ഫലവൃക്ഷങ്ങളുടെ തൈകൾ ലഭ്യമാക്കുന്നതിനും ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിക്കുന്നതിനും അതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയുന്ന തരത്തിലാകും ഈ പദ്ധതി നടപ്പിലാക്കുന്നത് . ഫലവർഗ്ഗങ്ങൾക്കും പുഷ്പ ഔഷധസസ്യങ്ങൾക്കുമായി 18 കോടിയോളം രൂപ ഇക്കൊല്ലം നീക്കിവെച്ചിട്ടുണ്ട്. ഫലവർഗങ്ങളുടെ ക്ലസ്റ്റർ രൂപീകരണത്തിന് മാത്രമായി ആറുകോടി 14 ലക്ഷം രൂപ ഇക്കൊല്ലം നീക്കിവെച്ചിട്ടുണ്ട്. കാർഷിക പാരിസ്ഥിതി മേഖല അടിസ്ഥാനമാക്കി ആയിരം ഹെക്ടർ വിസ്തൃതിയിൽ 11



ഇനം ഫലവർഗ്ഗങ്ങൾ കൃഷി ചെയ്യുകയാണ് ലക്ഷ്യം വച്ചിരിക്കുന്നത്.ഓരോ പ്രദേശങ്ങളിലും ഒരു വിപണന പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും കൃഷി ചെയ്യുക. നവീന കൃഷി രീതികൾ അവലംബിച്ച ഫലവർഗ്ഗ കൃഷി ചെയ്യാൻ കർഷകന് അവസരം ഉണ്ടാവും. സാങ്കേതികമായ അറിവുകളും പ്രായോഗികമായ പരിശീലനവും മാതൃകാ കൃഷിയിട സന്ദർശനവും ഉണ്ടാകും. സംരംഭകരാകുവാൻ ആഗ്രഹിക്കുന്ന കർഷകർക്ക് അതിനുള്ള സഹായവും ഉണ്ടാകും. പഴവർഗങ്ങളിൽ നിന്നും മൂല്യ വർദ്ധന യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള സഹായവും ഉണ്ടാവും. നമ്മുടെ ആരോഗ്യം സംരക്ഷിച്ചാൽ നമ്മുടെ ജീവിതം സംരക്ഷിക്കുവാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

മികച്ച പച്ചക്കറി കർഷകനുള്ള സംസ്ഥാന അവാർഡ് ഹരിത മിത്ര കരസ്ഥമാക്കിയ സുജിത്ത് എസ് പി, ട്രാൻസ്ജെൻഡർ വിഭാഗത്തിലെ മികച്ച കർഷക ശ്രാവന്തിക എസ് പി എന്നിവരെ യും മുതിർന്ന കർഷകനായ കെ പി സദാശിവൻ നായരെയും ചടങ്ങിൽ ആദരിച്ചു. കർഷക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ അദീല അബ്ദുള്ള ഐഎഎസ് സ്വാഗതം പറഞ്ഞു. മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന ഷാബു അധ്യക്ഷത വഹിച്ചു. കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ തോമസ് സാമുവൽ പദ്ധതി വിശദീകരിച്ചു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം എസ് ശിവപ്രസാദ്, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി ശശികല, വയലാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓമന ബാനർജി, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെയിംസ് ചിങ്കു തറ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗം വി ഉത്തമൻ, മുഹമ്മ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം ടി റെജി, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മാരായ എംഎസ് ലത, എം ചന്ദ്ര, ടി എൻ നസീമ ടീച്ചർ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി ഡി വിശ്വനാഥൻ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ, കർഷകർ, ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ അമ്പിളി സി, ഡെപ്യൂട്ടി ഡയറക്ടർമാരായ സുജ ഈപ്പൻ, സ്മിത ബി, ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഷൈജ, കൃഷി ഓഫീസർമാരായ കൃഷ്ണ,ജാനിഷ് തുടങ്ങിയവർ പങ്കെടുത്തു.



# ക്ഷീരകർഷക സംഗമം മന്ത്രി ശ്രീമതി ജെ.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു

ആലങ്ങാട് കാർഷികോത്സവത്തോടനുബന്ധിച്ച് കൊങ്ങോർപ്പിള്ളിയിൽ നടന്ന ക്ഷീരകർഷക സംഗമം മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റ് രമ്യ തോമസ് അധ്യക്ഷയായി. ഇതോടനുബന്ധിച്ച് ജില്ലയിലെ ആദ്യത്തെ ക്ഷീരശ്രീസംയുക്ത ബാധ്യത ഗ്രൂപ്പിനുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണവും കാർഷിക സെമിനാറും നടന്നു.

ക്ഷീരവികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ട്രീസ തോമസ്, അസി. ഡയറക്ടർ പാർവതി കൃഷ്ണപ്രസാദ്, സ്നേഹ ജോസഫ്, ഡോ.ഏബ്രഹാം, ക്ഷീരകർഷകൻ പ്രശാന്ത് തച്ചപ്പുഴ, ആലങ്ങാട് ബ്ലോക്ക് അംഗങ്ങളായ പി. എ.അബൂബക്കർ, ജയശ്രീ ഗോപീകൃഷ്ണൻ, കൺവീനർ എം. പി.വിജയൻ, നാസർ മഠത്തിൽ, പഞ്ചായത്ത് വൈസ് പ്രസിഡൻ്റുമാരായ ലത പുരുഷൻ, ജോർജ് - മേനാച്ചേരി, വി.ബി.ജബ്ബാർ, - ഹേമന്ത് എന്നിവർ പ്രസംഗിച്ചു.

# മൃഗസംരക്ഷണ മേഖലയിലെ കൃത്യമായ വിവര ശേഖരണം പദ്ധതി ആസൂത്രണത്തിന്റെ നട്ടെല്ലാകും: മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി

മൃഗസംരക്ഷണ മേഖലയിലെ കൃത്യമായ വിവര ശേഖരണം വിവിധ പദ്ധതി ആസൂത്രണങ്ങളുടെ നട്ടെല്ലാകുമെന്ന് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി പ്രസ്താവിച്ചു. സെപ്റ്റംബർ 2 ന് ആരംഭിക്കുന്ന ഇരുപത്തിയൊന്നാമത് കന്നുകാലി സെൻസസിനോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് സംഘടിപ്പിച്ച ജില്ലാ തല നോഡൽ ഓഫീസർമാർക്കും, എന്യൂമറേറ്റർമാർക്കും, സൂപ്പർവൈസർമാർക്കുമുള്ള പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിനെ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ശരിയായ രീതിയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും സെൻസസിലൂടെ ശേഖരിക്കുന്ന വിവരങ്ങളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ മേഖലയിലെ വികസന പരിപാടികളിൽ തീരുമാനങ്ങൾ എടുക്കുവാൻ സർക്കാരിനേയും ഇതര ഏജൻസികളേയും സഹായിക്കുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ.സിന്ധു കെ അധ്യക്ഷത വഹിച്ച ചടങ്ങിൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ ശ്രീ. ബി ശ്രീകുമാർ, പ്ലാനിങ് ബോർഡ് അഗ്രി. ചീഫ് ശ്രീ എസ്. എസ്. നാഗേഷ്, പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ ഡോ.സുനിൽകുമാർ. ആർ, മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടർമാരായ ഡോ.ശിവദുർഗ, ഡോ. അജിത്ബാബു, ഡോ. ശ്രീകുമാർ പി എസ്, സ്റ്റാറ്റിസ്റ്റിക്സ് ജോയിന്റ് ഡയറക്ടർ ശ്രീ. ശ്രീജൻ വി കെ എന്നിവർ സംസാരിക്കുകയും ചെയ്തു.



2024 സെപ്റ്റംബർ 2 മുതൽ ഡിസംബർ 31 വരെ നടക്കുന്ന ഇരുപത്തിയൊന്നാമതു കന്നുകാലി സെൻസസ് പ്രവൃത്തികൾക്കായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും 3500 ലധികം എന്യൂമറേറ്റമാരെ നിയോഗിച്ചിട്ടുണ്ട്. ഇവർ കേരളത്തിലെ 1 കോടി 6 ലക്ഷത്തോളം വരുന്ന വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് നാട്ടാന ഉൾപ്പെടെയുള്ള വിവിധയിനം വളർത്തു മൃഗങ്ങളുടെയും കോഴിവർഗ്ഗത്തിൽപെട്ട പക്ഷികളുടെയും തെരുവ് നായ്ക്കളുടെയും എണ്ണമുൾപ്പെടെയുള്ള വിവരങ്ങളോടൊപ്പം അറവുശാലകൾ, കശാപ്പുശാലകൾ, മാംസസംസ്കരണ പ്ലാന്റുകൾ, ഗോശാലകൾ മുതലായവയുടെ വിവരങ്ങളും ശേഖരിക്കുന്നതാണ്.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh